**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.264 — 12.01.2021 ൽ മറുപടിക്ക്

## കണ്ണൂർ ജില്ലയിലെ ആർദ്രം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ റ്റി.വി.രാജേഷ്: | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പി.എച്ച്.സി.കളാണ് എഫ്.എച്ച്.സി. കളാക്കി വികസിപ്പിച്ചിട്ടുള്ളത്;ഇതിനായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | 2017-18 -ൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നാം ഘട്ടത്തിൽ സർക്കാർ ഉത്തരവ് നം.845/2017/ആ.കു.വ തീയതി - 28/03/2017 പ്രകാരം 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. 2018-2019 - ൽ രണ്ടാം ഘട്ടത്തിൽ 504 സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട് (സർക്കാർ ഉത്തരവ് നം. 113/2018/ആ.കു.വ തീയതി- 16/06/2018). 2019-2020- ൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 212 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. (സർക്കാർ ഉത്തരവ് നം.1947/2020/ആ.കു.വ തീയതി- 22/10/2020)<br><br>2017-2018 - 170<br>2018-2019 - 504<br>2019-2020 - 212<br>ആകെ -886<br><br>ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ചുവടെ ചേർക്കുന്ന തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.<br><br>1. ഡോക്ടർ - 570<br>2. സ്റ്റാഫ് നേഴ്സ് - 740<br>3. ലാബ് ടെക്നീഷ്യൻ - 370<br>4. ഫാർമസിസ്റ്റ് - 150<br>**ആകെ - 1830** |
| (ബി) | കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എന്തൊക്കെ സൗകര്യങ്ങളാണ് നിലവിൽ സജ്ജീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കുടുംബാരോഗ്യകേന്ദ്രങ്ങളിൽ മെച്ചപ്പെട്ട രോഗീസൗഹൃദ സേവനം നൽകുകയും അതോടൊപ്പം അധിക തസ്തികകൾ ടി കേന്ദ്രങ്ങളിൽ അനുവദിച്ച നൽകുന്നു. അടിസ്ഥാന സൗകര്യങ്ങൾ |

| | | | |
|---|---|---|---|
| | | | മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, സ്വകാര്യതയോട് കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നേഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം എന്നിവ ക്രമീകരിച്ചിട്ടുണ്ട്. കുടുംബാരോഗ്യകേന്ദ്രങ്ങളിൽ അധികമായി ഡോക്ടർമാർ, സ്റ്റാഫ് നേഴ്സ് , ലാബ് ടെക്നീഷ്യൻ , ഫാർമസിസ്റ്റ് എന്നിവരെ നിയമിക്കുകയും ഔട്ട്പേഷ്യന്റ് സേവനം 6 മണിവരെ ദീർഘിപ്പിക്കൽ, നേഴ്സുമാരുടെ പ്രീചെക്കപ്പ്, എൻ.സി.ഡി ക്ലിനിക്കുകൾ, ആസ്മ, ശ്വാസം മുട്ടൽ എന്നിവർക്കുള്ള ശ്വാസ് ക്ലിനിക്ക്, മാനസികാരോഗ്യ പരിപാലനത്തിനുള്ള ആശ്വാസ് ക്ലിനിക്ക് തുടങ്ങിയവയും പ്രവർത്തിച്ചു വരുന്നു. കൂടാതെ ലാബ് സൗകര്യം ഇവിടങ്ങളിൽ പുതുതായി ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ആരോഗ്യപരിപാലന രംഗത്ത് മികവ് പുലർത്തുന്ന സർക്കാർ ആശുപത്രികൾക്ക് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് (എൻ.ക്യൂ.എ.എസ്.) അംഗീകാരം സംസ്ഥാനത്ത് എത്ര കുടുംബാരോഗ്യകേന്ദ്രങ്ങൾക്ക് ലഭിച്ചിട്ടുണ്ട്; കണ്ണൂർ ജില്ലയിൽ പ്രസ്തുത അംഗീകാരം ലഭിച്ച കുടുംബാരോഗ്യ കേന്ദ്രങ്ങളേതെല്ലാം; വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് ആരോഗ്യപരിപാലന രംഗത്ത് മികവ് പുലർത്തുന്ന സർക്കാർ ആശുപത്രികൾക്ക് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് (എൻ.ക്യൂ.എ.എസ്) അംഗീകാരം കുടുംബാരോഗ്യകേന്ദ്രങ്ങൾക്ക് ലഭിച്ചുട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളും ഉൾപ്പെടെ 66 എണ്ണത്തിന് ലഭിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ 17 കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് (എൻ.ക്യൂ.എ.എസ്) അംഗീകാരം ലഭിച്ചിട്ടുണ്ട്.<br><br>1. കുടുംബാരോഗ്യകേന്ദ്രം വളപട്ടണം<br>2 കുടുംബാരോഗ്യകേന്ദ്രം ആലക്കോട് തേർത്തല്ലി<br>3. കുടുംബാരോഗ്യകേന്ദ്രം കൊട്ടിയൂർ<br>4. കുടുംബാരോഗ്യകേന്ദ്രം മലപ്പട്ടം<br>5. കുടുംബാരോഗ്യകേന്ദ്രം കതിരൂർ<br>6. കുടുംബാരോഗ്യകേന്ദ്രം ചെറുതാഴം<br>7. കുടുംബാരോഗ്യകേന്ദ്രം കാങ്കോൽ ആലപ്പടമ്പ<br>8. കുടുംബാരോഗ്യകേന്ദ്രം പാട്യം<br>9. കുടുംബാരോഗ്യകേന്ദ്രം തില്ലങ്കേരി<br>10. കുടുംബാരോഗ്യകേന്ദ്രം ആറളം ഫാം<br>11. കുടുംബാരോഗ്യകേന്ദ്രം ചെറുകുന്ന തറ |

| | | | |
|---|---|---|---|
| | | | 12. കുടുംബാരോഗ്യകേന്ദ്രം പുളിങ്ങോം<br>13. കുടുംബാരോഗ്യകേന്ദ്രം ഉദയഗിരി<br>14. കുടുംബാരോഗ്യകേന്ദ്രം മുണ്ടേരി<br>15. കുടുംബാരോഗ്യകേന്ദ്രം മാട്ടൂൽ<br>16. കുടുംബാരോഗ്യകേന്ദ്രം കല്ല്യാശ്ശേരി<br>17. കുടുംബാരോഗ്യകേന്ദ്രം എരമംകുറ്റൂർ |

Hari

സെക്ഷൻ ഓഫീസർ